പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 351

# 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 351

# 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ

639/2010.

# 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബിൽ

2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് (2005-ലെ 8) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിഒന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൽ "കമ്മിറ്റി" എന്ന വാക്കിനുപകരം "അതോറിറ്റി" എന്ന വാക്ക് ചേർക്കൽ.—2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൽ (2005-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) "കമ്മിറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുപകരം "അതോറിറ്റി" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(എ) "അതോറിറ്റി" എന്നാൽ 4-ാം വകുപ്പുപ്രകാരം രൂപീകരിക്കുന്ന വിനോദസഞ്ചാര വികസന അതോറിറ്റി എന്നർത്ഥമാകുന്നു ;

(എഎ) "ഫണ്ട്" എന്നാൽ 6ബി വകുപ്പുപ്രകാരം രൂപീകരിക്കുന്ന വിനോദ സഞ്ചാര വികസന ഫണ്ട് എന്നർത്ഥമാകുന്നു ;".

(ii) (സി) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(സിഎ) "പദ്ധതി" എന്നാൽ പ്രത്യേക വിനോദസഞ്ചാര വികസന മേഖലയിലെ വികസന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശരേഖകൾ ഉൾപ്പെടെയുള്ള സുസ്ഥിരമായ ഒരു വിനോദസഞ്ചാര വികസന പദ്ധതി എന്നർത്ഥമാകുന്നു ;".

4. 4-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിനുപകരം താഴെപറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"4. വിനോദസഞ്ചാര വികസന അതോറിറ്റിയുടെ രൂപീകരണം.—(1) ഒരു പ്രത്യേക വിനോദസഞ്ചാരമേഖലയുടെയോ പ്രത്യേക വിനോദസഞ്ചാരമേഖലകളുടെയോ സംരക്ഷണത്തിനും പരിപാലനത്തിനും സംയോജിതവും ആസൂത്രിതവുമായ വികസനത്തിനും വേണ്ടി വിനോദസഞ്ചാര വികസന അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ;

(ii) ജില്ലാ കളക്ടർ ;

(iii) പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ ;

(iv) പ്രത്യേക വിനോദസഞ്ചാരമേഖല ഉൾപ്പെടുന്ന പ്രദേശത്തെ ഫോറസ്റ്റ് കൺസർവേറ്റർ ;

(v) മലിനീകരണനിയന്ത്രണബോർഡിന്റെ ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ ;

(vi) ജില്ലാ ടൗൺ പ്ലാനർ ;

(vii) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി ;

(viii) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ;

(ix) പ്രത്യേക വിനോദസഞ്ചാരമേഖല ഉൾപ്പെടുന്ന പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ് അഥവാ മുനിസിപ്പൽ ചെയർമാൻ ;

(x) പ്രത്യേക വിനോദസഞ്ചാരമേഖല ഉൾപ്പെടുന്ന പ്രദേശത്തെ നിയമസഭാ സാമാജികർ ;

(xi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ടൂറിസം മേഖലയിലെ വിദഗ്ദ്ധർ ;

(xii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സാമൂഹിക പ്രവർത്തകർ ;

(xiii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിനോദസഞ്ചാര വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് അംഗങ്ങൾ ;

(xiv) വിനോദസഞ്ചാര മേഖലാ സ്പെഷ്യൽ ഓഫീസർ.

(3) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അതോറിറ്റിയുടെ ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനും വിനോദസഞ്ചാര മേഖല സ്പെഷ്യൽ ഓഫീസർ കൺവീനറുമായിരിക്കും.

(4) നിയമസഭാ സാമാജികർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ എന്നിവരുടെ അതോറിറ്റിയിലെ അംഗത്വം അവർ അതാതു സ്ഥാനം വഹിക്കുന്ന കാലയളവിലേക്ക് മാത്രമായിരിക്കും.

(5) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ കാലാവധി നിയമന തീയതി മുതൽ മൂന്ന് വർഷമായിരിക്കും .

(6) ഏതൊരു വ്യക്തിയെയോ വ്യക്തികളെയോ പ്രത്യേക ക്ഷണിതാവായി ചെയർമാന് അതോറിറ്റിയുടെ യോഗത്തിന് ക്ഷണിക്കാവുന്നതും അങ്ങനെ ക്ഷണിക്കപ്പെട്ട ഓരോ അംഗത്തിനും അതോറിറ്റിയുടെ യോഗത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനുള്ള അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(7) അതോറിറ്റി, ചെയർമാൻ അഥവാ ചെയർമാന്റെ അഭാവത്തിൽ വൈസ് ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണത്തിന് അതോറിറ്റി തീരുമാനിക്കുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(8) അതോറിറ്റിക്ക് ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും അതിന് കൺവീനറുടെ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

(9) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(10) അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

(11) അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഓരോ അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക്ക് സർവന്റായി കരുതപ്പെടേണ്ടതാണ്.

(12) സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ അതോറിറ്റിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.".

5. <u>6-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"6എ. അതോറിറ്റിയുടെ പ്രത്യേകാധികാരം.—(1) മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാപനങ്ങളോ വ്യക്തികളോ നടപ്പാക്കുന്ന വികസന പദ്ധതികൾ, അതോറിറ്റി അംഗീകരിച്ച വികസന പദ്ധതികൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമാണെന്ന് അതോറിറ്റി ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം അങ്ങനെയുള്ള സ്ഥാപനങ്ങളോ വ്യക്തികളോ നടപ്പാക്കുന്ന പദ്ധതികളിൽ ആവശ്യമായ മാറ്റം വരുത്താൻ അതോറിറ്റി നിർദ്ദേശം നൽകേണ്ടതുമാണ്.

6ബി. ഫണ്ടിന്റെ രൂപീകരണം.—(1) വിനോദസഞ്ചാര വികസനത്തിനായി അതോറിറ്റി "വിനോദസഞ്ചാര വികസന ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. ഫണ്ട് അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കുകയും അതോറിറ്റി അത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വിനിയോഗിക്കേണ്ടതുമാണ്.

(2) ഫണ്ടിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്,—

(i) സർക്കാരോ മറ്റ് സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകൾ ;

(ii) ഏതെങ്കിലും രീതിയിലുള്ള സംഭാവനകൾ ;

(iii) അതോറിറ്റി സ്വരൂപിക്കുന്ന മറ്റു തുകകൾ ;

(iv) ഏതെങ്കിലും ഫീസ്.".

6. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിൽ "6-ാം വകുപ്പിൻകീഴിലുള്ള" എന്ന അക്കത്തിനും വാക്കുകൾക്കും പകരം "6, 6എ എന്നീ വകുപ്പുകളിൻകീഴിലുള്ള" എന്ന അക്കങ്ങളും അക്ഷരവും വാക്കുകളും ചേർക്കേണ്ടതാണ്.

7. 7-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിൽ 7-ാം വകുപ്പിനുശേഷം താഴെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"7എ. സർക്കാരിനുള്ള പ്രത്യേക അധികാരം.—ഏതൊരു വിനോദ സഞ്ചാര വികസന പദ്ധതിയും ഏത് സമയത്തും നിർത്തലാക്കുന്നതിനോ പുതുക്കുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

7 ബി. ഉടമസ്ഥനോ കൈവശക്കാരനോ വിനോദസഞ്ചാര വികസന പദ്ധതി പ്രകാരം പ്രവർത്തിക്കാനുള്ള ബാദ്ധ്യത.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പുപ്രകാരമുള്ള പദ്ധതി പ്രാവർത്തികമായശേഷം പദ്ധതിയുടെ പരിധിയിൽ വരുന്ന പ്രദേശത്തേ കെട്ടിടത്തിന്റെയോ വസ്തുവിന്റെയോ ഉടമസ്ഥനോ കൈവശക്കാരനോ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് പദ്ധതിക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന് അപേക്ഷ സമർപ്പിച്ചശേഷമായിരിക്കേണ്ടതും ഏതെങ്കിലും പ്രദേശത്ത് കെട്ടിടനിർമ്മാണം പദ്ധതിപ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവിടെ നിർമ്മാണമോ പുനർനിർമ്മാണമോ നടത്തുന്ന വിവരം സ്പെഷ്യൽ ഓഫീസർ സർക്കാരിനെ അറിയിക്കേണ്ടതും സർക്കാർ തദ്ദേശാധികാര സ്ഥാനം മുഖേന അവ നീക്കം ചെയ്യുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7 സി. സ്പെഷ്യൽ ഓഫീസറുടെ നിയമനം.—പ്രത്യേക വിനോദ സഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുംവേണ്ടി സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ടതാണ്.

7 ഡി. സ്പെഷ്യൽ ഓഫീസറുടെ പ്രത്യേക അധികാരം.—(1) പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശത്ത് പദ്ധതിക്ക് വിരുദ്ധമായി നിലനിൽക്കുന്ന കെട്ടിടമോ മറ്റ് ചമയങ്ങളോ ഒരു നിശ്ചിത സമയത്തിനുള്ളിൽ പൊളിച്ചുമാറ്റിക്കുന്നതിനോ അവശിഷ്ടങ്ങൾ നീക്കം ചെയ്യിക്കുന്നതിനോ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനങ്ങൾക്ക് സ്പെഷ്യൽ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

(2) നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും വസ്തുവിന്റെ അഥവാ കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ കാലതാമസം വരുത്തുകയാണെങ്കിൽ സ്പെഷ്യൽ ഓഫീസർക്ക് തദ്ദേശാധികാരസ്ഥാനത്തോട് അങ്ങനെയുള്ള ആൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾപ്രകാരം നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തപക്ഷം സ്പെഷ്യൽ ഓഫീസർ ആയത് സർക്കാരിനെ അറിയിക്കേണ്ടതും സർക്കാർ ഉചിതമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന് നൽകേണ്ടതുമാണ്.".

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ഓർഡിനൻസ് (2010-ലെ 23) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ വിനോദസഞ്ചാര പ്രദേശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് (2005-ലെ 8) 2005 ഫെബ്രുവരി 9-ാം തീയതി മുതൽ പ്രാബല്യത്തിലുണ്ട്. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം ഒരു വിനോദസഞ്ചാര വികസന കമ്മിറ്റിയും സർക്കാർ രൂപീകരിക്കുകയുണ്ടായി. എന്നാൽ, മേൽപ്പറഞ്ഞ കമ്മിറ്റി സംസ്ഥാനതലത്തിൽ ചുമതലകൾ നിർവ്വഹിച്ചുവന്നതിനാൽ വിവിധ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണവും പരിപാലനവും എന്ന ഉദ്ദേശലക്ഷ്യം വേണ്ടവിധത്തിൽ കൈവരിക്കാനായില്ല എന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. ആയതിനാൽ പ്രസ്തുത കമ്മിറ്റിക്ക് പകരമായി ഒരു വിനോദസഞ്ചാരമേഖലയ്ക്കോ അല്ലെങ്കിൽ വിവിധ വിനോദസഞ്ചാര മേഖലകൾക്കോ വേണ്ടി ജില്ലാതല ആഫീസർമാരും ജനപ്രതിനിധികളും അംഗങ്ങളായി വിനോദസഞ്ചാര വികസന അതോറിറ്റികൾ രൂപീകരിക്കുവാനും വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കാനും അവ നടപ്പിലാക്കാനും പദ്ധതി പ്രദേശത്തിനകത്ത് അവ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ നിയന്ത്രിക്കാനും

അപ്രകാരം രൂപീകരിക്കപ്പെടുന്ന അതോറിറ്റികൾക്ക് അധികാരം നൽകുവാനും സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാനങ്ങളുടെ സഹായത്തോടെ അവ നടപ്പിലാക്കുന്നതിനും അധികാരം നൽകികൊണ്ട് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ പ്രത്യേക വിനോദസഞ്ചാര മേഖലകളുടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കായി ഒരു ഫണ്ട് രൂപീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിനാലും 2010 ജൂൺ 12-ാം തീയതി കേരള ഗവർണ്ണർ 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസ് (2010-ലെ 23) വിളംബരപ്പെടുത്തുകയും ആയത് 2010 ജൂൺ 14-ാം തീയതിയിലെ 1336-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം മുഖേന പകരം ചേർക്കുന്ന 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിന്റെ 4-ാം വകുപ്പ് പ്രകാരം വിനോദസഞ്ചാര വികസന അതോറിറ്റി രൂപീകരിക്കുന്നതിനും അതിന് അനുബന്ധമായും ഉള്ള ചെലവുകൾ കൃത്യമായി കണക്കാക്കുവാൻ ഈ അവസരത്തിൽ കഴിയുന്നതല്ലെങ്കിലും പ്രസ്തുത ആവശ്യങ്ങൾക്കായി സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഒരു കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. അതിലധികം ഏതെങ്കിലും തുക വേണ്ടി വന്നാൽ വിനോദസഞ്ചാര വകുപ്പിന്റെ സാധാരണ പ്ലാൻ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 6ബി വകുപ്പുപ്രകാരം സ്വരൂപിക്കാനുദ്ദേശിക്കുന്ന വിനോദസഞ്ചാര വികസന ഫണ്ടിൽ നിന്നും അങ്ങനെയുള്ള ചെലവ് വഹിക്കാൻ ഉദ്ദേശിക്കുന്നു.

കോടിയേരി ബാലകൃഷ്ണൻ

# 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൽ (2005-ലെ 8) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'കമ്മിറ്റി' എന്നാൽ 4-ാം വകുപ്പുപ്രകരാം രൂപീകരിക്കപ്പെട്ട സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ-പരിപാലന കമ്മിറ്റി എന്നർത്ഥമാകുന്നു.

** ** ** **

(സി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

** ** ** **

4. വിനോദസഞ്ചാര സംരക്ഷണ-പരിപാലന കമ്മിറ്റിയുടെ രൂപീകരണം.—(1) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും, സമഗ്രവും ആസൂത്രിതവുമായ വികസനത്തിനുംവേണ്ടി ''സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി'' എന്ന പേരിൽ (ഇതിനുശേഷം ''കമ്മിറ്റി'' എന്നാണ് പരാമർശിക്കപ്പെടുക) ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്.

(2) കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ;

(ii) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ;

(iii) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ;

(iv) പുരാവസ്തു വകുപ്പ് ഡയറക്ടർ ;

(v) കേരള സർക്കാരിന്റെ ചീഫ് ടൗൺ പ്ലാനർ ;

(vi) പരിസ്ഥിതി രംഗത്ത് വൈദഗ്ധ്യം നേടിയ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(vii) വിനോദസഞ്ചാര മേഖലയിൽ വൈദഗ്ധ്യം നേടിയ സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന ഒരാൾ.

(3) വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ ചെയർമാനും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കൺവീനറും ആയിരി ക്കുന്നതാണ്.

(4) കമ്മിറ്റിയിലേക്ക്, ജില്ലാ ടൗൺ പ്ലാനറേയും, അതതു സംഗതിപോലെ, പ്രത്യേക വിനോദസഞ്ചാര മേഖലകൾ ഉൾപ്പെട്ട പ്രദേശത്ത് അധികാരിതയുള്ള തദ്ദേശാധികാര സ്ഥാനങ്ങളിലെ പ്രസിഡന്റിനെയും അഥവാ ചെയർപേഴ്സനെയും ചെയർമാന് കൂടുതലായി ഉൾപ്പെടുത്താവുന്നതും അങ്ങനെ കൂടുതലായി ഉൾപ്പെടുത്തിയ ഓരോ അംഗത്തിനും കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സംഗതികളെ സംബന്ധിച്ച് വോട്ട് ചെയ്യുന്നതിനും ഉള്ള അർഹത ഉണ്ടായിരിക്കുന്നതുമാണ്.

എന്നാൽ, കമ്മിറ്റി നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും ഏതൊരു ഉദ്യോഗസ്ഥനേയോ ഉദ്യോഗസ്ഥരേയോ പ്രത്യേക ക്ഷണിതാക്കളാക്കാവുന്നതും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്താവുന്നതാണ്.

(5) കമ്മിറ്റി, ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള സമയത്തും, സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണത്തിന് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(6) കമ്മിറ്റിക്ക് ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉണ്ടായിരിക്കുന്നതാണ്.

(7) കമ്മിറ്റി കൺവീനറുടെ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതാണ്.

** ** ** **

6. <u>കമ്മിറ്റിയുടെ അധികാരങ്ങൾ.</u>—മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വിനോദസഞ്ചാര വികസന പദ്ധതികൾക്കും മാർഗ്ഗനിർദ്ദേശ രേഖകൾക്കും അംഗീകാരം നൽകുക ;

(ii) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾക്കോ വികസന പ്രവർത്തനങ്ങൾക്കോ അനുമതി നൽകുക ;

(iii) പ്രത്യേക വിനോദസഞ്ചാര മേഖലയ്ക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള വിനോദസഞ്ചാര വികസന പദ്ധതിയുടെയോ മാർഗ്ഗനിർദ്ദേശ രേഖകളുടെയോ നടപ്പിലാക്കൽ നിരീക്ഷണം നടത്തുക ;

(iv) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള റഗുലേഷനുകൾക്ക് അംഗീകാരം നൽകുക ;

(v) സർക്കാർ വകുപ്പുകളിൽ നിന്നോ തദ്ദേശാധികാര സ്ഥാനങ്ങളിൽ നിന്നോ മറ്റ് അധികാരസ്ഥാനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ പ്രത്യേക വിനോദസഞ്ചാര മേഖലയെ സംബന്ധിക്കുന്ന അവരുടെ പദ്ധതികളെയും മുൻഗണനകളെയും സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെടുക ;

(vi) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമെന്ന് അത് കരുതുന്ന പ്രകാരമുള്ള സർവ്വേകളും പഠനങ്ങളും നടത്തുകയോ നടത്തിക്കുകയോ ചെയ്യുക ;

(vii) വിനോദസഞ്ചാര പ്രാധാന്യമുള്ളതും പ്രത്യേക വിനോദസഞ്ചാര മേഖലയിൽ സ്ഥിതിചെയ്യുന്നതുമായ ഏതെങ്കിലും ഭൂമിയോ കെട്ടിടമോ സംരക്ഷിക്കുന്നതിനായി, നിർണ്ണയിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുക ;

(viii) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമായേക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ, നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ, സജ്ജീകരിക്കുക ;

(ix) ഉചിതമായ എല്ലാ സമയത്തും ഏതെങ്കിലും ഭൂമിയിലോ പരിസരങ്ങളിലോ പ്രവേശിക്കുന്നതിനും പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമായ ജോലികളോ പ്രവർത്തനങ്ങളോ നിയമാനുസൃതമായി നടത്തുന്നതിനും ഏതെങ്കിലും ഉദ്യോഗസ്ഥനേയോ സ്ഥാപനങ്ങളേയോ അധികാരപ്പെടുത്തുക :

എന്നാൽ, അതിന്റെ കൈവശക്കാരന്, അപ്രകാരം ചെയ്യുന്നതിനുള്ള അയാളുടെ ഉദ്ദേശം സംബന്ധിച്ച് കുറഞ്ഞത് അഞ്ച് ദിവസത്തെ നോട്ടീസ് നൽകാതെ യാതൊരാളും ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പ്രവേശിക്കുവാൻ പാടുള്ളതല്ല.

7. അപ്പീൽ.—(1) കമ്മിറ്റി 6-ാം വകുപ്പിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പാസ്സാക്കിയ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്ക്, അത്തരം ഉത്തരവ് ലഭിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ സർക്കാരിന് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ് :

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യാൻ കഴിയാതിരുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, തൊണ്ണൂറ് ദിവസം കഴിഞ്ഞശേഷം ഫയൽ ചെയ്യുന്ന ഒരു അപ്പീൽ അതിന് പരിഗണനയ്ക്കെടുക്കാവുന്നതാണ്.

(2) ഓരോ അപ്പീലിനോടും കൂടി ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ഫയൽ ചെയ്യുന്നത്, അതിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പും നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫീസും, ഉണ്ടായിരിക്കേണ്ടതാണ്.

(3) അപ്പീൽ വാദിക്ക് നേരിട്ടോ ഒരു അഭിഭാഷകൻ മുഖേനയോ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഏജന്റ് മുഖേനയോ ഹാജരാകുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതും, ഏതൊരു കമ്മിറ്റിയുടെ ഉത്തരവിനെതിരെയാണോ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത് ആ കമ്മിറ്റിയെ, അത് അധികാരപ്പെടുത്തുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥനോ അഭിഭാഷകനോ വ്യക്തിക്കോ പ്രതിനിധീകരിക്കാവുന്നതുമാണ്.

(4) സർക്കാരിന്, അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷവും അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷവും, അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, അപ്പീൽ തീർപ്പാക്കാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ ഫയൽ ചെയ്തിട്ടുള്ള ഓരോ അപ്പീലും, ന്യായമായി പ്രായോഗികമാകുന്നിടത്തോളം നേരത്തേയും, എന്നാൽ അങ്ങനെയുള്ള അപ്പീൽ ഫയൽ ചെയ്ത തീയതി മുതൽ നാലുമാസം കഴിയുന്നതിനുമുൻപായും തീർപ്പാക്കേണ്ടതാണ്.

** ** ** **